**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **07-12-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല കാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിലെ കാപ്പ് നവീകരണ പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ മരക്കപ്പാടം കാപ്പ് നവീകരണ പ്രവൃത്തിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത കാപ്പ് സർവ്വേ ചെയ്ത് അതിർത്തി നിർണയിച്ചതിനു ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്ന് മുഖ്യമന്ത്രി, ജലസേചന വകുപ്പ് മന്ത്രി എന്നിവർക്ക് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ.മുഹമ്മദ് കുട്ടി രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടു. ഡി.എസ്.ആർ 2018 നിലവിൽ വന്നതിനെ തുടർന്നും ജി.എസ്.ടി. 18 ശതമാനമായതിനെ തുടർന്നും എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയായ 200 ലക്ഷം രൂപയേക്കാൾ 79 ലക്ഷം രൂപ അധികരിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി സാങ്കേതികാനുമതി എന്നിവ നൽകേണ്ടതുണ്ട്. മാത്രമല്ല കാപ്പിന്റെ അതിരുകൾ റവന്യൂ വിഭാഗത്തിൽ നിന്നും സർവ്വേ ചെയ്ത് നിർണ്ണയിച്ച ലഭിക്കേണ്ടതുമുണ്ട്. മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. |
| (ബി) | ഭരണാനുമതിയും സാങ്കേതിക അനുമതിയും പൂർത്തീകരിച്ച് ടെൻഡർ ചെയ്തിരുന്ന ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ മരക്കപ്പാടം കാപ്പ് നവീകരണ പ്രവൃത്തിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത കാപ്പ് സർവ്വേ ചെയ്ത് അതിർത്തി നിർണയിച്ചതിനു ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാവൂ എന്ന് മുഖ്യമന്ത്രി, ജലസേചന വകുപ്പ് മന്ത്രി എന്നിവർക്ക് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ.മുഹമ്മദ് കുട്ടി രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ |

| | | | |
|---|---|---|---|
| | | | നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടു. ഡി.എസ്.ആർ 2018 നിലവിൽ വന്നതിനെ തുടർന്നും ജി.എസ്.ടി. 18 ശതമാനമായതിനെ തുടർന്നും എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയായ 200 ലക്ഷം രൂപയേക്കാൾ 79 ലക്ഷം രൂപ അധികരിച്ചതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി സാങ്കേതികാനുമതി എന്നിവ നൽകേണ്ടതുണ്ട്. മാത്രമല്ല കാപ്പിന്റെ അതിരുകൾ റവന്യൂ വിഭാഗത്തിൽ നിന്നും സർവ്വേ ചെയ്ത് നിർണ്ണയിച്ച ലഭിക്കേണ്ടതുമുണ്ട്. മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. |
| (സി) | ഈ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് മൈനർ ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർക്ക് വകുപ്പ് മന്ത്രി നൽകിയ നിർദ്ദേശപ്രകാരം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (സി) | PWD പരപ്പനങ്ങാടി റസ്റ്റ് ഹൗസിൽ വെച്ച നടന്ന യോഗത്തിൽ കാപ്പിന്റെ അതിര് എ.എൽ.എം നിർണ്ണയിക്കേണ്ടത് വളരെ അത്യാ വശ്യമാണെന്നും ആയത് നിർണ്ണയിക്കുവാൻ റവന്യൂ വകുപ്പിന്റെ സർവ്വേ വിഭാഗത്തിനോട് ആവശ്യപ്പെടാമെന്നും അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം മരക്കപ്പാടം കാപ്പ് സർവ്വേ ചെയ്ത് ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വേ വിഭാഗത്തിൽ നിന്നും പല തവണ തീയതി നൽകിയിട്ടും അവരുടെ അസൗകര്യം മൂലം സർവ്വേ നടന്നിട്ടില്ല. കാപ്പിന്റെ അതിരുകൾ റവന്യൂ വിഭാഗത്തിൽ നിന്നും സർവ്വേ ചെയ്ത് ലഭിക്കുകയും ഭരണാനുമതിയ്ക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ